# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

ഫോൺ: 0471-2311215, 6238170312, e-mail: kswcfc@gmail.com

Website: www.kswcfc.org


## മെഡിക്കൽ/എഞ്ചിനീയറിംഗ്/നിയമ പഠനം (LAW) / കേന്ദ്ര സർവ്വകലാശാല (CUET) എന്നിവയുടെ പ്രവേശന പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായ പദ്ധതി.

2024-25 വർഷത്തേയ്ക്ക് കേരള സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാസമുന്നതി മെഡിക്കൽ/എഞ്ചിനീയറിംഗ് (ബിരുദതലം/ ബിരുദാനന്തര ബിരുദതലം) /നിയമ പഠനം (LAW) / കേന്ദ്ര സർവ്വകലാശാല (CUET) പ്രവേശന പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:-

- അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരാകണം.
- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിൽ **ഒറ്റത്തവണ മാത്രം നിർബന്ധമായും** രജിസ്റ്റർ ചെയ്യേണ്ടതും, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന User Name & Password ഉപയോഗിച്ച് Login ചെയ്ത് Profile create ചെയ്തതിന് ശേഷം സകോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.
- അപേക്ഷകരുടെ (അപേക്ഷകരുടെ/ പിതാവിന്റെ/ മാതാവിന്റെ/ രക്ഷകർത്താവിന്റെ) കുടുംബ വാർഷിക വരുമാനം **നാല് ലക്ഷം** (**4,00,000**/-) രൂപയിൽ താഴെ ആയിരിക്കണം.
- കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് അപേക്ഷകർ ഉൾപ്പെട്ട റേഷൻകാർഡിൽ അംഗമായ വ്യക്തിയുടെ (അപേക്ഷകരുടെ/ പിതാവിന്റെ/ മാതാവിന്റെ/ രക്ഷകർത്താവിന്റെ) പേരിലായിരിക്കണം. ***(വ്യക്തിഗത വാർഷിക വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല)***
- അപേക്ഷകർ ഉൾപ്പെടുന്ന റേഷൻകാർഡിന്റെ 1,2 പേജുകളുടെ പകർപ്പ് അപേക്ഷയോടൊപ്പം Upload ചെയ്യേണ്ടതാണ്.
- **ബിരുദതലം:** മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്കായി, SSLC പഠനം പൂർത്തിയാക്കിയവർക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ ഓരോ വിഷയത്തിനും B+ Grade അല്ലെങ്കിൽ 70% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്. HSS പഠനം പൂർത്തിയാക്കിയവർക്ക് ഫിസിക്സ്, കെമിസ്ട്രി, ഓപ്ഷണൽ വിഷയം എന്നിവയിൽ ഓരോ വിഷയത്തിനും B+ Grade അല്ലെങ്കിൽ 70% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്. നിയമ പഠനം (LAW) / കേന്ദ്ര സർവ്വകലാശാല (CUET) പ്രവേശന പരീക്ഷകൾക്കായി, HSS /തത്തുല്യ പരീക്ഷയിൽ B Grade അല്ലെങ്കിൽ 60% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്.
- 20 വയസ്സാണ് അപേക്ഷകർക്ക് നിശ്ചയിച്ചിരിക്കുന്ന ഉയർന്ന പ്രായപരിധി. പരമാവധി 480 പേർക്കാണ് (ഫണ്ടിന് ആനുപാതികമായി) ധനസഹായം അനുവദിക്കുന്നത്.

  **ബിരുദാനന്തരബിരുദതലം:** ബിരുദ പഠനം പൂർത്തിയാക്കിയവർ 60% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്. പ്രായപരിധി നിശ്ചയിച്ചിട്ടില്ല. പരമാവധി 134 പേർക്കാണ് ധനസഹായം അനുവദിക്കുന്നത്.

- പരിശീലന ധനസഹായ പദ്ധതിക്കുള്ള അപേക്ഷകൾ ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറഞ്ഞിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

  1. ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് (മറ്റ് രേഖകൾ സ്വീകാര്യമല്ല).
  2. കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്) (***വ്യക്തിഗത വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല).***
  3. മാർക്ക് തെളിയിക്കുന്ന രേഖ
     - **ബിരുദതലം:** SSLC/ HSS/ Equivalent സർട്ടിഫിക്കറ്റ്.
     - **ബിരുദാനന്തര ബിരുദതലം:** Degree സർട്ടിഫിക്കറ്റ്.
  4. പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽതന്നെ സമർപ്പിക്കേണ്ടതാണ്).
  5. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പറും, ബ്രാഞ്ചും വ്യക്തമായി രേഖപ്പെടുത്തിയത്).
  6. അപേക്ഷകർ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ 1,2 പേജുകളുടെ പകർപ്പ്
  7. SSLC സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

- ഓൺലൈൻ **അപേക്ഷ സമർപ്പിക്കുന്ന സമയത്ത്** അപേക്ഷയുടെയും, ഉള്ളടക്കം ചെയ്യുന്ന രേഖകളുടെയും പകർപ്പ് തപാലിൽ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനിൽ **അയച്ചുതരേണ്ടതില്ല.**
- മെഡിക്കൽ/ എഞ്ചിനീയറിംഗ്/ നിയമ പഠനം (LAW) / കേന്ദ്ര സർവ്വകലാശാല (CUET) പ്രവേശന പരീക്ഷാ പരിശീലനധനസഹായത്തിനായി അപേക്ഷിക്കുന്നവർ നിലവാരമുള്ള പരിശീലന സ്ഥാപനങ്ങളിൽ നേരിട്ട് പഠിച്ച് കൊണ്ടിരിക്കുന്നവരാകണം.
- ഓൺലൈനായുള്ള പരിശീലനത്തിന് ധനസഹായം അനുവദിക്കുന്നതല്ല.
- പരിശീലന ധനസഹായം **''ഒടുക്കിയ ഫീസ് (പരമാവധി 10,000/- രൂപ വരെ) തിരികെ നൽകുന്ന മാതൃകയിൽ ആണ്''**.
- മത്സര പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം ലഭിക്കുന്നതിന് അപേക്ഷകരായ വിദ്യാർത്ഥികൾക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലും ഒരു ശാഖയിൽ പ്രവർത്തനക്ഷമമായ/ സാധുവായ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.
- കുറഞ്ഞ കുടുംബ വാർഷിക വരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതവുമായിട്ടാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകരായ വിദ്യാർത്ഥികളുടെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ. **ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിലെ പിഴവുകൾ / തന്നിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ പ്രവർത്തനക്ഷമമല്ലാതിരിക്കുക/സാധുത ഇല്ലാതിരിക്കുക എന്നിവ മൂലം ഉണ്ടാകുന്ന miscredit ന് അപേക്ഷകർ മാത്രം ഉത്തരവാദിയായിരിക്കും**
- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ

ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന Institution സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

- അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **20/01/2025** ആണ്. തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Upload ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.
- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി മാർഗ്ഗനിർദ്ദേശപ്രകാരമുള്ള എല്ലാ വിവരങ്ങളും (രേഖകൾ സഹിതം) ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
- മത്സര പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ സ്വീകരിക്കുന്നതല്ല.
- ***കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രസ്തുത പരീക്ഷാ പരിശീലന ധനസഹായം മുമ്പ് ലഭിച്ചവർ പുതുതായി അപേക്ഷിക്കാൻ അർഹരല്ല.***
- പരിശീലന ധനസഹായത്തിനായി ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകർക്ക് അപേക്ഷയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേയ്ക്ക് SMS ലഭിക്കുന്നതാണ്. **SMS ലഭിക്കുന്ന അപേക്ഷകർ മാത്രം താഴെപ്പറയുന്ന രേഖകൾ** തപാലിൽ Kerala State Welfare Corporation for Forward Communities ltd, TC9/476, L2, Kuleena, Jawahar Nagar, Kowdiar. P.O., Thiruvananthapuram- 3 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.
  - ➢ ഓൺലൈൻ അപേക്ഷയുടെ പകർപ്പ്.
  - ➢ ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് (മറ്റ് രേഖകൾ സ്വീകാര്യമല്ല).
  - ➢ കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്) (***വ്യക്തിഗത വാർഷിക വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല)***
    മാർക്ക് തെളിയിക്കുന്ന രേഖയുടെ പകർപ്പ്.
    - **ബിരുദതലം:** SSLC/ HSS/Equivalent സർട്ടിഫിക്കറ്റ്.
    - **ബിരുദാനന്തര ബിരുദതലം:** Degree സർട്ടിഫിക്കറ്റ്.
  - ➢ പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്).
  - ➢ അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പറും, ബ്രാഞ്ചും വ്യക്തമായി രേഖപ്പെടുത്തിയത്).
  - ➢ അപേക്ഷകർ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ 1,2 പേജുകളുടെ പകർപ്പ്
  - ➢ SSLC സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
  - ➢ പരിശീലനത്തിനായി 01/01/2024 നും 31/12/2024 നും ഇടയിൽ ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീത്.